**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2363** **12-02-2024 - ൽ മറുപടിയ്ക്ക്**

**റേഷൻകടകളിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ റേഷൻകടകളിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ റേഷൻകടകളിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിനും പൊതുജനോ- പകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻകടകളെ ഉൾപ്പെടുത്തി നിലവിൽ റേഷൻകടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ പൊതുജനോ- പകാരപ്രദമായ കൂടുതൽ സേവനങ്ങളും, ഉത്പന്നങ്ങളുടെ വിപണനവും നടപ്പാക്കുന്നത് വഴി റേഷൻ കടയുടമകൾക്ക് ഒരു അധിക വരുമാന മാർഗം ലക്ഷ്യമിട്ട് കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. കെ-സ്റ്റോറുകൾ വഴി നിലവിൽ താഴെപ്പറയുന്ന സേവനങ്ങൾ ലഭ്യമാക്കി വരുന്നു.<br><br>a. ഹില്ലി അക്വാ കുപ്പിവെള്ളം (കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഉല്പന്നം)<br><br>b. വാണിജ്യ വ്യവസായ വകുപ്പിന് (MSME) കീഴിലുള്ള ഗ്രാമീണ/പിന്നോക്ക പരമ്പരാഗത ചെറുകിട വ്യവസായ യൂണിറ്റുകൾ വഴി പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ<br><br>c. മിൽമയുടെ തെരഞ്ഞെടുത്ത ഉത്പന്നങ്ങൾ<br><br>d. IOC യുടെ ചോട്ടു ഗ്യാസ്<br><br>e. സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ എന്നിവയുടെ വിപണനം<br><br>f. CSC വഴിയുള്ള സേവനങ്ങൾ |

| | | | |
|---|---|---|---|
| | | | g. 10,000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം<br><br>കൂടാതെ ഇ-റേഷൻ കാർഡിനോടൊപ്പം കാർഡുടമകൾക്ക് PVC കാർഡുകളും നൽകുവാൻ തുടങ്ങി.<br><br>തെളിമ പദ്ധതി വഴി റേഷൻ കാർഡുകളിലെ തെറ്റുകൾ തിരുത്തുന്നതിന് കാർഡുടമകൾക്ക് അവസരം നൽകി.<br><br>മുൻഗണനയിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷകൾ ഓൺലൈൻ മുഖേന മാത്രം സ്വീകരിക്കുന്ന സംവിധാനം ഏർപ്പെടുത്തി.<br><br>Operation Yellow പദ്ധതി പ്രകാരം സംസ്ഥാനത്ത് അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരിൽ നിന്നും പിഴ ഈടാക്കുവാനും അനർഹമായ മുൻഗണനാ കാർഡുകൾ പൊതുവിഭാഗത്തിലേക്ക് പരിവർത്തനം ചെയ്യുവാനും ആരംഭിച്ചു.<br><br>സംസ്ഥാനത്തിലെ എല്ലാ റേഷൻ കടകളുടെയും ഓൺലൈൻ പരിശോധനയുമായി ബന്ധപ്പെട്ടു എഫ് പി എസ് മൊബൈൽ (FPS Mobile) എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുകന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ റേഷൻ വിതരണത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ സഞ്ചാരപാത നിയന്ത്രിക്കുന്നതിനായി ഒരു ജി പി എസ് ട്രാക്കിംഗ് സംവിധാനം വികസിപ്പിച്ചിട്ടുണ്ട്. |
| (ബി) | റേഷൻകടകളിലെ ഇ-പോസ് മെഷീനുകളുടെ സെർവർ സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ബി) | റേഷൻ വിതരണം സ്ഥിരമായി തടസ്സപ്പെടുന്ന രീതിയിലുള്ള യാതൊരു സാങ്കേതിക പ്രശ്നങ്ങളും നിലവിലില്ല. റേഷൻ വിതരണത്തിൽ ഭാഗികമായി തടസം ഉണ്ടാക്കുന്ന സാങ്കേതിക പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ഏപ്രിൽ 1 മുതൽ 30 വരെയുള്ള കാലയളവിൽ എല്ലാ ഇ-പോസ് മെഷീനുകളുടെയും സർവ്വീസ് 'വിഷൻടെക്' എന്ന സ്ഥാപനം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ റേഷൻ വിതരണത്തിൽ ഉപയോഗിച്ചിരുന്ന BSNL ബാൻഡ് വിഡ്ത്ത് 20 M.B per second എന്നത് 50 M.B per second ആയി ഉയർത്തിയിട്ടുണ്ട്. ഡിപ്പാർട്ട്മെന്റ് AUA സെർവറിൽ ഉണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ കാരണം റേഷൻ വിതരണം മുടങ്ങാതിരിക്കുന്നതിനായി NIC യുടെ AUA സെർവറുകൾ കൂടി വിതരണത്തിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തുന്നതിന് NIC-യ്ക്കും UIDAI യ്ക്കും കത്ത് നൽകിയിട്ടുണ്ട്. റേഷൻ വിതരണവുമായി ബന്ധപ്പെട്ട് ഇ-പോസ്, സെർവറുകളിലെ സാങ്കേതിക പ്രശ്നങ്ങൾ കാരണമായി ഉണ്ടാകുന്ന ഭാഗീകമായ തടസ്സങ്ങൾ ഉടൻതന്നെ ബന്ധപ്പെട്ട ഏജൻസികളുമായി ചേർന്ന് കൊണ്ട് പരിഹരിക്കാറുണ്ട്. ബയോമെട്രിക് ഓതന്റിക്കേഷൻ ഉപയോഗിച്ചുള്ള റേഷൻ വിതരണം Authentication User Agency (AUA), Authentication Server Agency (ASA), UIDAI (ആധാർ സെർവർ) എന്നിവയുടെ ഒരുമിച്ചുള്ള പ്രവർത്തനത്തിലൂടെയാണ് സാധ്യമാകുന്നത്. ടി സെർവറുകൾ കൃത്യമായി പ്രവർത്തിച്ചാൽ മാത്രമേ റേഷൻ വിതരണത്തിൽ തടസ്സം നേരിടുന്നത് പൂർണ്ണമായും ഒഴിവാക്കുവാൻ സാധിക്കുകയുള്ളൂ. എന്നാൽ Authentication User Agency (AUA), Authentication Server Agency (ASA), UIDAI (ആധാർ) എന്നിവയുടെ സെർവറുകൾ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ ഉള്ളവയല്ല. റേഷൻ വിതരണത്തിലെ ബയോമെട്രിക് ഓതെന്റിക്കേഷനുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന തടസ്സങ്ങൾ വളരെ വേഗത്തിൽ പരിഹരിക്കുന്നതിനായി NIC യുടെ Alternate AUA അഡോപ്റ്റ് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ